കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കൊട്ടുവായൂർ ഗ്രാമപഞ്ചായത്ത് - മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.370/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി, 07.02.2018

വായന :- 1. ശ്രീ. കെ. ബാബു എം.എൽ.എ.യുടെ 13.12.2017 ലെ കത്തും കൊട്ടുവായൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 1701/2018-ലെ 4.27 നമ്പർ തീരുമാനം

<u>ഉത്തരവ്</u>

കൊട്ടുവായൂർ ഗ്രാമ പഞ്ചായത്ത് മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിന് പ്രോജക്റ്റ് ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ആയതിന്റെ അടങ്കൽ 11,12,700/- രൂപയാണെന്നും മാർക്കറ്റിൽ നിന്നും വ്യാപാരികളിൽ നിന്നും മാലിന്യം ശേഖരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ടി പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി നൽകണമെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം ശ്രീ.കെ.ബാബു എം.എൽ.എ. അഭ്യർത്ഥിച്ചിരുന്നു.

2)മുകളിൽ രണ്ടാമതായി വായിച്ച വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2018 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ച പ്രസ്തുത യോഗത്തിന്റെ 4.27 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ യൂസർ ഫീ ഈടാക്കണമെന്ന നിബന്ധനയോടെ ടി പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് കൊട്ടുവായൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ശ്രീ. കെ.ബാബു എം.എൽ.എ. (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, പാലക്കാട്
സെക്രട്ടറി, കൊട്ടുവായൂർ ഗ്രാമ പഞ്ചായത്ത്, പാലക്കാട്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (റൂറൽ) പി.എയ്ക്ക്

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ